"ഭരണഭാഷ മാതൃഭാഷ"

WEC2-7252/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 26/10/2021
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

# പരിപത്രം

വിഷയം:-വനിത ശിശു വികസന വകുപ്പ് - സ്കീമുകൾ പദ്ധതി 2021-22- അപേക്ഷ സമർപ്പിക്കുന്ന തീയതി നീട്ടുന്നത് സംബന്ധിച്ച്.

സൂചന:- (1) ഈ കാര്യാലയത്തിൽ നിന്നുള്ള 11/08/2021 ലെ WEC-2/7252/21 നം. 'അഭയകിരണം പദ്ധതി' പരിപത്രം

(2) ഈ കാര്യാലയത്തിൽ നിന്നുള്ള 12/08/2021 ലെ WEC-2/7250/21 നം. 'സഹായഹസ്തം പദ്ധതി' പരിപത്രം

(3) ഈ കാര്യാലയത്തിൽ നിന്നുള്ള 12/08/2021 ലെ WEC-2/**13080**/21 നം. 'മംഗല്യ പദ്ധതി' പരിപത്രം

(3) ഈ കാര്യാലയത്തിൽ നിന്നുള്ള 12/08/2021 ലെ WEC-2/**13083**/21 നം. 'പടവുകൾ പദ്ധതി' പരിപത്രം

(4) ഈ കാര്യാലയത്തിൽ നിന്നുള്ള 12/08/2021 ലെ WEC-2/**13074**/21 നം. 'വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം' പരിപത്രം

(5) ഈ കാര്യാലയത്തിൽ നിന്നുള്ള 15/09/2021 ലെ WEC-2/7252/21 നം. പരിപത്രം

അഭയകിരണം, സഹായഹസ്തം, മംഗല്യ, പടവുകൾ, വനിതകൾ ഗൃഹനാഥരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം എന്നീ പദ്ധതികൾക്കായി 2021-22 സാമ്പത്തിക വർഷത്തിലേയ്ക്ക് സൂചന (1) മുതൽ (4) വരെ പ്രകാരം അപേക്ഷ ക്ഷണിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ കോവിഡ് പശ്ചാത്തലം പരിഗണിച്ചും, നാളിതുവരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാത്ത സാഹചര്യത്തിലും, പുതിയ അഡ്മിഷൻ പൂർത്തിയാകാത്തതിനാലും മേൽ പരാമർശിത പദ്ധതികൾക്കായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയായ 2021 സെപ്റ്റംബർ 15 എന്നത് 2021 ഒക്ടോബർ 15 വരെ ദീർഘിപ്പിച്ച് സൂചന (5) പ്രകാരം ഉത്തരവായിരുന്നു. സ്കൂളുകളിലും കോളേജുകളിലും അഡ്മിഷൻ നടപടിക്രമങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ ടി പദ്ധതികൾക്കായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയായ 2021 ഒക്ടോബർ 15 എന്നത് 2021 നവംബർ 15 വരെ കാലാവധി ദീർഘിപ്പിക്കുന്നു.

സെപ്റ്റംബർ വരെ ലഭിച്ച അപേക്ഷകളിൽ നിന്നും പദ്ധതി മാനദണ്ഡപ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ക്രോഡീകരിച്ച് അതത് ജില്ലാ ഓഫീസർമാർ അലോട്ട്മെന്റിനായി ഈ കാര്യാലയത്തിൽ ലഭ്യമാക്കണമെന്ന് സൂചന (5) പരിപത്രത്തിൽ നിർദ്ദേശം നൽകിയിരുന്നു എങ്കിലും നാളിതുവരെ യാതൊരു സ്കീമിനും അലോട്ട്മെന്റ് ആവശ്യപ്പെട്ട് അപേക്ഷകളൊന്നും ഈ കാര്യാലയത്തിൽ ലഭിച്ചിട്ടില്ല.

ഡയറക്ടറുടെ നിർദ്ദേശം പാലിക്കാതെ സമയബന്ധിതമായി അപേക്ഷ സമർപ്പിക്കാത്തതിനുള്ള ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരുടെ വിശദീകരണം ഉൾപ്പെടെ 'സഹായഹസ്തം' ഒഴികെയുള്ള പദ്ധതികളിൽ നാളിതുവരെ ലഭിച്ച അപേക്ഷകളിൽ നിന്നും പദ്ധതി മാനദണ്ഡപ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ക്രോഡീകരിച്ച് അതത് ജില്ലാ ഓഫീസർമാർ അലോട്ട്മെന്റിനായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്, 'സഹായഹസ്തം' പദ്ധതി പ്രകാരം ലഭിച്ച അപേക്ഷകൾ നവംബർ 15 ന് ശേഷം മാത്രം ക്രോഡീകരിച്ച് അലോട്ട്മെന്റിനായി ആവശ്യപ്പെടേണ്ടതാണ്.

അലോട്ടമെന്റ് ആവശ്യപ്പെടാൻ വൈകിയ കാരണത്താൽ ഏതെങ്കിലും ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാകാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ആയത് അതത് ജില്ലാ ഓഫീസർമാരുടെ വീഴ്ചയായും ബാധ്യതയായും കണക്കാക്കുന്നതാണ്.

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

<u>പകർപ്പ്</u>

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. സ്റ്റോക്ക് ഫയൽ